ഹദീസ്

ഡോ. കെ.മുഹമ്മദ് പാണ്ടിക്കാട്

# സത്കർമങ്ങളുടെ സ്വീകാര്യത

عَن عَائِشَة ـ رَضِيَ اللهُ عَنها ـ قَالَتْ: سَأَلْتُ رسولَ اللَّهِ صلَّى اللَّهُ عليهِ وسلَّمَ عن هذِهِ الآيةِ " وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ " قالت عائشةُ : " أَهُمُ الَّذينَ يشربونَ الخمرَ ويسرِقونَ ؟ " قالَ : " لَا يا بِنْتَ الصِّدِّيقِ ، ولَكِنَّهُمُ الَّذينَ يَصُومُونَ وَ يُصَلُّونَ ويَتَصَدَّقُونَ ، وَهُم يخافونَ أن لا تُقبَلَ منهُم أُولَئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ." ( التِرْمِذِي)

**ആഇശ (റ) പറയുന്നു: ഞാൻ അല്ലാഹുവിന്റെ റസൂലിനോട് 'ദാനധർമം ചെയ്യുമ്പോൾ ഹൃദയം വിറക്കുന്നവർ' (23 : 60) എന്ന വാക്യത്തെക്കുറിച്ച് ചോദിച്ചു: 'കള്ള് കുടിക്കുകയും കവർച്ച നടത്തുകയും ചെയ്യുന്നവരെക്കുറിച്ചാണോ അല്ലാഹു ഇപ്രകാരം പറയുന്നത്?' റസൂൽ (സ) പറഞ്ഞു: 'അല്ല; അബൂബക്കറിന്റെ പുത്രീ. നോമ്പനുഷ്ഠിക്കുകയും നമസ്കരിക്കുകയും ദാനധർമങ്ങൾ നിർവഹിക്കുകയും ചെയ്യുന്നവരാണിവർ. പക്ഷെ, തങ്ങളുടെ പുണ്യങ്ങൾ അല്ലാഹു സ്വീകരിക്കുമോ ഇല്ലയോ എന്ന കാര്യത്തിൽ അവർ സദാ ഭയപ്പെടുന്നു. അങ്ങനെയുള്ളവർ മാത്രമാകുന്നു നന്മകളിൽ ജാഗ്രതയുള്ളവരും അതിനായി മുന്നേറുന്നവരും' (തിർമിദി).**

തങ്ങളുടെ സത്കർമങ്ങൾ അല്ലാഹു സ്വീകരിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് എപ്പോഴും ആശങ്കയും പേടിയുമുള്ളവരാണ് യഥാർഥ വിശ്വാസികൾ എന്നാണ് ഈ ഹദീസിലൂടെ നബി(സ) വ്യക്തമാക്കുന്നത്. പുണ്യ കർമങ്ങൾ സ്വീകാര്യമാവുന്ന രീതിയിൽ ചെയ്യുന്നതിന് ഇസ്‌ലാമിൽ വലിയ പ്രാധാന്യമുണ്ട്. സ്വീകരിക്കപ്പെടാത്ത സത്കർമങ്ങൾ പരലോകത്ത് ധൂളികകളായി പറത്തപ്പെടുന്നു. യാതൊരു പ്രതിഫലവും അതിന് ലഭിക്കുകയില്ല.

ഭക്തിയും ആത്മാർഥതയുമുള്ളവരുടെ കർമങ്ങൾ മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ എന്ന് ആദം പുത്രൻ ഹാബീലിന്റെ നാവിലൂടെ വിശുദ്ധ ഖുർആൻ വിശദമാക്കുന്നു: ''നീ അവർക്ക് ആദമിന്റെ രണ്ടു പുത്രന്മാരുടെ കഥ വസ്തുനിഷ്ഠമായി വിവരിച്ചുകൊടുക്കുക. അവരിരുവരും ബലി നടത്തിയപ്പോൾ ഒരാളുടെ ബലി സ്വീകരിച്ചു; അപരന്റേത് സ്വീകരിച്ചില്ല. അതിനാൽ അവൻ പറഞ്ഞു: 'ഞാൻ നിന്നെ കൊല്ലുക തന്നെ ചെയ്യും.' അപരൻ പറഞ്ഞു: ഭക്തന്മാരുടെ ബലിയേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.'' (5:27)

ചാഞ്ചാട്ട മനസ്സുള്ള കപടന്മാരുടെ കർമങ്ങൾ അല്ലാഹു ഒരിക്കലും സ്വീകരിക്കില്ല. അതിന്റെ കാരണവും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: ''അവരുടെ പക്കൽനിന്ന് അവരുടെ ദാനം സ്വീകരിക്കാതിരിക്കാൻ കാരണം ഇതു മാത്രമാണ്: അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും തള്ളിപ്പറയുന്നു; മടിയന്മാരായല്ലാതെ അവർ നമസ്കാരത്തിനെത്തുന്നില്ല. വെറുപ്പോടെയല്ലാതെ ധനം ചെലവഴിക്കുന്നുമില്ല'' (9:54).

അലി (റ) പറഞ്ഞു: ''കർമം ചെയ്യുന്നതിനേക്കാൾ അത് സ്വീകരിക്കപ്പെടുന്നതാക്കാനാണ് നിങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടത്. അല്ലാഹു പറഞ്ഞത് നിങ്ങൾ കേട്ടില്ലേ: إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ 'മുത്തഖീങ്ങളിൽ നിന്ന് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ'' (ഖുർതുബി)

അബുദ്ദർദാഉ (റ) പറഞ്ഞു: ''എന്റെ ഒരു നമസ്കാരം അല്ലാഹു സ്വീകരിച്ചു എന്നെനിക്ക് ഉറപ്പാവുന്നത് ദുൻയാവിലുള്ള സകലതിനേക്കാളും എനിക്കിഷ്ടപ്പെട്ടതാണ്. അല്ലാഹു അരുളുന്നു: 'മുത്തഖീങ്ങളിൽ നിന്ന് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ'' (ഇബ്നു കസീർ).

തങ്ങളുടെ വിശ്വാസത്തിന്റെയും പ്രവർത്തനത്തിന്റെയും അപര്യാപ്തത കാരണം കർമങ്ങൾ സ്വീകരിക്കപ്പെടാതിരിക്കുമോ എന്ന് സ്വഹാബാക്കൾ അത്യധികം ഭയപ്പെട്ടിരുന്നു.

അബ്ദുല്ലാഹിബ്നു അബീ മലീകത് (റ) പറഞ്ഞു: ''നബി (സ)യുടെ സ്വഹാബാക്കളിൽ മുപ്പതോളം ആളുകളെ ഞാൻ കണ്ടു. എല്ലാവരും നിഫാഖിനെ പേടിക്കുന്നവരായിരുന്നു. ഒരാൾ പോലും എനിക്ക് ജിബ്‌രീലിന്റെയും മീകാഈലിന്റെയും ഈമാനുണ്ട് എന്ന് പറയുന്നവരായിരുന്നില്ല.'' (ബുഖാരി).

ഇബ്നു മസ്ഊദ് (റ) ഇപ്രകാരം പറയാറുണ്ട്: ''അല്ലയോ കർമങ്ങൾ സ്വീകരിക്കപ്പെട്ടവനേ, നിനക്ക് മംഗളം. അല്ലയോ കർമങ്ങൾ തിരസ്ക്കരിക്കപ്പെട്ടവനേ, നിനക്ക് വരുന്ന വിപത്ത് തടുക്കാൻ അല്ലാഹുവിനേ കഴിയൂ.''

അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിക്കുക, ശരീഅത്തിന്റെ ശാസനയനുസരിച്ച് നിർവഹിക്കുക എന്നീ രണ്ട് നിബന്ധനകളാണ് പുണ്യ കർമങ്ങൾ സ്വീകരിക്കപ്പെടാനായി ഇസ്‌ലാം പ്രധാനമായും നിശ്ചയിച്ചിട്ടുള്ളത്. ഇബ്നുൽ ഖയ്യിം (റ) എഴുതുന്നു: ''ഇഖ്‌ലാസ്വും ഇസ്‌ലാമിക ശരീഅത്തിനെ അനുഗമിക്കലും പുണ്യകർമങ്ങൾ സ്വീകരിക്കുന്നതിനുള്ള ഉപാധിയാക്കിയിരിക്കുന്നു. ഇവയുടെ അഭാവത്തിൽ ഒരു പുണ്യകർമവും അല്ലാഹു സ്വീകരിക്കുകയില്ല'' (അർറൂഹ്:1/135).

ഈ രണ്ട് നിബന്ധനകളും അൽപ്പം വിശദമാക്കാം.

ഒന്ന്: ഇഖ്‌ലാസ്വ്. തന്റെ മുഴുവൻ വാക്കുകളുടെയും പ്രവർത്തനങ്ങളുടെയും ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി

മാത്രം നേടലാവുക എന്നതാണ് ഇഖ്ലാസിന്റെ പൊരുൾ.

വിശ്വാസിയുടെ സ്വഭാവത്തെക്കുറിച്ച് അല്ലാഹു അരുളി: ''അവൻ ആർക്കെങ്കിലും ഔദാര്യം ചെയ്യുന്നുണ്ടെങ്കിൽ അത് പ്രത്യുപകാരം പ്രതീക്ഷിച്ചായിരിക്കില്ല. അത്യുന്നതനായ തന്റെ നാഥന്റെ പ്രീതിയെ സംബന്ധിച്ച പ്രതീക്ഷയല്ലാതെ'' (92: 19,20).

ദാന ധർമങ്ങൾ നൽകുന്ന മുസ്ലിമിന്റെ മനോഗതി വിശുദ്ധ ഖുർആൻ വിവരിക്കുന്നു:

''അവർ പറയും: അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് അന്നമേകുന്നത്. നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ നന്ദിയോ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല'' (76:9).

അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും സമ്പാദിക്കുക എന്നതല്ലാത്ത മറ്റൊന്നും വിശ്വാസികളുടെ കർമങ്ങൾക്ക് പ്രചോദനമാവരുത്. ''വല്ലവനും പരലോകത്തെ വിളവാണ് ആഗ്രഹിക്കുന്നതെങ്കിൽ നാമവനത് സമൃദ്ധമായി നൽകും. ആരെങ്കിലും ഇഹലോക വിളവാണ് ആഗ്രഹിക്കുന്നതെങ്കിൽ അവന് നാമതും നൽകും. അപ്പോഴവന് പരലോക വിഭവങ്ങളൊന്നുമുണ്ടാവുകയില്ല'' (42:20).

രണ്ട്: ഇസ്ലാമിക ശരീഅത്ത് അനുശാസിക്കുന്നതാവുക.

ഇമാം ബുഖാരിയും മുസ്ലിമും നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം:

من عمل عملاً ليس عليه أمرنا فهو رد (നമ്മുടെ ശാസനയില്ലാതെ ആരെങ്കിലും എന്തെങ്കിലും ചെയ്താൽ അത് തള്ളിക്കളയേണ്ടതാണ്).

ഈ ഹദീസിനെ വിശദീകരിച്ച് ഇബ്നു റജബ് (റ) പറഞ്ഞു: ''ഇസ്ലാമിന്റെ അടിസ്ഥാന നിയമങ്ങളിൽ വളരെ പ്രധാനപ്പെട്ട കാര്യമാണ് ഈ ഹദീസിൽ വിവരിക്കുന്നത്. മതാനുഷ്ഠാനങ്ങളുടെ ബാഹ്യരൂപത്തിന്റെ സ്വീകാര്യതക്കുള്ള മാനദണ്ഡമാണിത്; 'എല്ലാ കർമങ്ങളും ഉദ്ദേശ്യം കൊണ്ടാണ്' എന്ന ഹദീസ് മതാനുഷ്ഠാനങ്ങളുടെ ആന്തരിക സ്വീകാര്യതക്കുള്ള മാനദണ്ഡമായത് പോലെ. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിക്കാത്ത ഒരു പുണ്യത്തിനും അല്ലാഹു പ്രതിഫലം നൽകുകയില്ല. അത് പോലെ അല്ലാഹുവിന്റെയും റസൂലിന്റെയും വിധികൾക്ക് വിരുദ്ധമായ ഏത് കർമവും തള്ളപ്പെടും. അല്ലാഹുവിന്റെയും റസൂലിന്റെയും അനുമതിയില്ലാത്ത ദീനിലെ പുതു നിർമിതികളൊന്നും ദീനിൽ പെട്ടതല്ല'' (ജാമിഉൽ ഉലൂമി വൽ ഹികം).

ആരാധനാനുഷ്ഠാനങ്ങളിൽ പ്രമാണങ്ങളുടെ പിൻബലമില്ലാതെ പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നത് അല്ലാഹുവിന്റെ റസൂൽ ശക്തിയായി തടഞ്ഞു. അവിടുന്ന് പറഞ്ഞു:

وإياكم ومحدثات الأمور فإن كلَّ بدعة ضلالة

(പുതു നിർമിതികളെ സൂക്ഷിക്കുക. എല്ലാ പുത്തനനുഷ്ഠാനങ്ങളും വഴികേടിലാണ് (തിർമിദി).

നന്മകൾ പ്രവർത്തിക്കുന്നതോടൊപ്പം അവ അല്ലാഹു സ്വീകരിക്കുന്നതാക്കാനും വിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. സത്കർമങ്ങൾ സ്വീകരിക്കുവാനായി നിരന്തരം അല്ലാഹുവിനോട് പ്രാർഥിക്കുകയും വേണം. ഇബ്നു കസീർ എഴുതി: ''വുഹൈബ് ബ്നുൽ വർദ് (റ) വിശുദ്ധ ഖുർആനിലെ ഈ വാക്യം പാരായണം ചെയ്തു:

وَإِذْ يَرْفَعُ إِبْرَٰهِـۧمُ ٱلْقَوَاعِدَ مِنَ ٱلْبَيْتِ وَإِسْمَـٰعِيلُ رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ

'ഓർക്കുക: ഇബ്റാഹീമും ഇസ്മാഈലും ആ മന്ദിരത്തിന്റെ അടിത്തറ കെട്ടിപ്പൊക്കുകയായിരുന്നു. അന്നേരമവർ പ്രാർഥിച്ചു: 'ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ; നിശ്ചയമായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ' (2: 127).

തുടർന്ന് പൊട്ടിക്കരഞ്ഞ്കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

يَا خَلِيلَ الرَّحْمٰنِ ، تَرْفَعُ قَوَائِمَ بَيْتِ الرَّحْمٰنِ وَ أَنْتَ مُشْفِقٌ أَنْ لَا يُتَقَبَّلَ مِنْكَ...

'അല്ലയോ കാരുണ്യവാന്റെ സ്നേഹിതാ.., താങ്കൾ കാരുണ്യവാന്റെ ഗേഹത്തിനായുള്ള തൂണുകൾ പടുത്തുയർത്തുന്നു. അതോടൊപ്പം അത് സ്വീകാര്യമായ കർമമായില്ലേ എന്ന് ആശങ്കിക്കുകയും ചെയ്യുന്നു!'' ●